


# ക്രിസ്തുമസ് വിപണനമേളകൾ

കുടുംബശ്രീ സംരംഭകരുണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് ഏറ്റവും കൂടുതൽ വിപണി കണ്ടെത്തുന്നത് വിപണന മേളകളിലൂടെയാണ്. മാസച്ചന്തകളായും ഉത്സവങ്ങളോട് അനുബന്ധിച്ചുള്ള പ്രത്യേക ട്രേഡ് ഫെയറുകളുമായുമൊക്കെ നടത്തുന്ന വിപണന മേളകൾ കോവിഡിന്റെ പശ്ചാത്തലത്തിൽ നിലച്ചു പോയിരുന്നു. ലോക്ഡൗൺ അവസാനിച്ച് ജനജീവിതം ക്രമേണ സാധാരണ നിലയിലേക്കാകുന്ന മുറയ്ക്ക് വിപണന മേളകളും ഇപ്പോൾ സജീവമായി വരുന്നു. പരിമിതികളെ ഉൾക്കൊണ്ടുകൊണ്ട് ഓണം വിപണന മേളകൾ നടത്തിയതിനെക്കുറിച്ചും 3.57 കോടി രൂപ വരുമാനം നേടിയതിനെക്കുറിച്ചും Making an Impact 352 ൽ വ്യക്തമാക്കിയിരുന്നുവല്ലോ. ക്രിസ്തുമസ്-പുതുവർഷത്തോട് അനുബന്ധിച്ചും വിപണന മേളകൾ ഇപ്പോൾ സംഘടിപ്പിക്കുകയാണ്.

സാധ്യമായ എല്ലാ സി.ഡി.എസിലും ജില്ലാതലത്തിൽ മറ്റ് വിപണന മേളകളോട് അനുബന്ധിച്ചുമൊക്കെയായി ക്രിസ്തുമസ് വിപണന മേളകൾ നടത്താവുന്നതാണെന്ന നിർദ്ദേശം എല്ലാ ജില്ലകളിലേക്കും നൽകിയിരുന്നു. ഇതനുസരിച്ച് പല ജില്ലകളിലും സപ്ലൈകോ, കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ക്രിസ്തുമസ് വിപണന മേളകളോട് അനുബന്ധിച്ചും കുടുംബശ്രീ സ്വന്തമായും വിപണന മേളകൾ സംഘടിപ്പിച്ചിരിക്കുന്നു. 14 ജില്ലകളിലും ഇത്തരത്തിൽ മേളകളുണ്ട്. 3 ദിവസം മുതൽ 5 ദിവസം വരെ നീളുന്ന മേളകളിൽ മികച്ച വിപണനമാണുണ്ടാകുന്നത്.

ജില്ലാതല മേളകൾ കൂടാതെ സി.ഡി.എസ് തലത്തിലും വിപണന മേളകൾ സംഘടിപ്പിക്കുന്നു. കേരളത്തിലെ 300ലധികം സി.ഡി.എസുകൾ ഈ മേളകളിലൂടെ മികച്ച വിറ്റുവരവ് നേടാൻ പരിശ്രമിച്ചു വരുന്നു. കോവിഡിന്റെ ബുദ്ധിമുട്ടുകൾക്കിടയിലും വിപണിയും പൊതുജീവിതവും സാവധാനം സാധാരണ നിലയിലേക്ക് വരുമെന്ന പ്രതീക്ഷയാണ് ക്രിസ്തുമസ്-ന്യൂ ഇയർ വിപണന മേളകൾ നൽകുന്നത്. 5 കോടി രൂപയുടെ വിറ്റുവരവാണ് ഈ മേളകളിലൂടെ ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

